പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1932** **10.03.2020 – ൽ മറുപടിക്ക്.**

# റേഷൻ കരിഞ്ചന്ത

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | സംസ്ഥാനത്ത് റേഷൻ കരിഞ്ചന്ത വ്യാപകമാകുന്നുവെന്നും ഗുണനിലവാരമില്ലാത്ത റേഷൻ സാധനങ്ങൾ കടകളിലൂടെ വിൽക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** | സംസ്ഥാനത്ത് റേഷൻ കരിഞ്ചന്ത വ്യാപകമാകുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗുണനിലവാരമില്ലാത്ത റേഷൻസാധനങ്ങൾ കടകളിലൂടെ വിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ വിതരണം ചെയ്ത ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ മാറ്റി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **(ബി)** | ഏതൊക്കെ സാഹചര്യത്തിലാണ് റേഷൻ കടകളിൽ ഇ-പോസ് യന്ത്രങ്ങളെ മറികടന്ന് മാനുവൽ ഇടപാടിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | **(ബി)** | ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത പ്രദേശങ്ങളിലും സാങ്കേതിക തടസ്സങ്ങളാൽ ഇ-പോസ് വഴി വിതരണം ചെയ്യാൻ പറ്റാത്ത സാഹചര്യങ്ങളിലും അർഹതയുള്ള ഗുണഭോക്താക്കൾക്ക് റേഷൻ നിരാകരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് മാന്വൽ വിതരണത്തിന് അനുമതി നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**